# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.3347** — **22/08/2017-ന് മറുപടിക്ക്**

**സർക്കാർ ജീവനക്കാർ സർക്കാർ നയങ്ങളെയും നടപടികളെയും വിമർശിക്കുന്നതിനുള്ള വിലക്ക്**

**ചോദ്യം**
ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ

**ഉത്തരം**
പിണറായി വിജയൻ
മുഖ്യമന്ത്രി

| | | | |
|---|---|---|---|
| (എ) | സർക്കാർ ജീവനക്കാർ സമൂഹ്യമാധ്യമങ്ങളിലും ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിലും സർക്കാർ നയങ്ങളെയും നടപടികളെയും കുറിച്ച് ചർച്ച ചെയ്യുന്നതും വിമർശിക്കുന്നതും വിലക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; | (എ)യും (ബി)യും (സി)യും | 1960 ലെ സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങളിലെ ചട്ടം 60 (എ) പ്രകാരം സർക്കാർ ജീവനക്കാർ എതെങ്കിലും സംഭാഷണത്തിലൂടെയോ, എഴുത്തിലൂടെയോ മറ്റു രീതിയിലോ സർക്കാർ അനുവർത്തിക്കുന്ന നയത്തെയോ സർക്കാർ എടുക്കുന്ന നടപടികളെയോ, പൊതുജനമദ്ധ്യത്തിലോ അസോസിയേഷനിലോ, സംഘത്തിലോ ചർച്ച ചെയ്യുവാനോ വിമർശിക്കുവാനോ പാടില്ല എന്നും അങ്ങനെയുള്ള ചർച്ചയിലോ വിമർശനത്തിലോ യാതൊരു രീതിയിലും പങ്കെടുക്കുവാൻ പാടില്ല എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ 19.10.2012 ലെ 19469/ഉപസി2/12/ഉഭപവ നമ്പർ സർക്കുലർ പ്രകാരം സർക്കാർ ജീവനക്കാർ മാധ്യമങ്ങളിലൂടെ സർക്കാർ നയങ്ങളെയും |
| (ബി) | ഏത് സാഹചര്യത്തിലാണ് ഇത്തരം ഒരു ഉത്തരവ് പുറപ്പെടുവിച്ചത്; | | |
| (സി) | ജീവനക്കാരുടെ അഭിപ്രായ സ്വാതന്ത്ര്യത്തിന് വിലക്ക് ഏർപ്പെടുത്തി കൊണ്ട് സർക്കാരിന്റെ തെറ്റായ നടപടികൾ ജനമധ്യത്തിലെത്തുന്നത് തടയുവാൻ കഴിയുമോയെന്ന് വ്യക്തമാക്കാമോ? | | |

| | | | |
|---|---|---|---|
| | | | നടപടികളെയും കുറിച്ച് സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങാതെ അഭിപ്രായ പ്രകടനം നടത്തുന്നതിന് വിലക്ക് ഏർപ്പെടുത്തിയിരുന്നു. പ്രസ്തുത സർക്കുലറിലെ നിർദ്ദേശങ്ങൾ സർക്കാർ ജീവനക്കാർ കർശനമായി പാലിക്കുന്നില്ല എന്നു ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് 19.10.2012 ലെ സർക്കുലർ കാലോചിതമായി പരിഷ്കരിച്ച് 31.01.2017 ലെ 78/ഉപസി2/17/ഉഭപവ നമ്പർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട് |

**സെക്ഷൻ ഓഫീസർ**